(ബി) ഐ.എച്ച്.ആർ.ഡി. യിൽ നിന്നും ഇതര സ്ഥാപനങ്ങളിൽ നിന്നും പിജിഡിസിഎ. യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിക്കുന്നതിനായി ഇതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഐ.എച്ച്.ആർ.ഡി-യിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിൽ നിലവിൽ 123 ഒഴിവുകൾ ഉണ്ട്.

(ബി) ഐ.എച്ച്.ആർ.ഡി-യിൽ പി.ജി.ഡി.സി.എ. 16-4-2001-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിനായി പി.എസ്.സി. അംഗീകരിച്ചിട്ടുണ്ട്. കൂടാതെ മറ്റ് സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലും ആവശ്യപ്പെടുന്ന മുറയ്ക്ക് ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള ഈ കോഴ്സ് നടത്തുന്ന സ്ഥാപനങ്ങൾ ഇവരുടെ ലിസ്റ്റ് അയച്ചു കൊടുക്കാറുണ്ട്. ഇതര സ്ഥാപനങ്ങളിൽ നിന്നും PGDCA യോഗ്യത നേടിയവരുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

നിയമവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നടപടി

96(785) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിയമവിദ്യാഭ്യാസ പഠനനിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നയം വ്യക്തമാക്കുമോ ; ഇക്കാര്യത്തിൽ കഴിഞ്ഞ നാലു വർഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) നിയമവിദ്യാഭ്യാസ പരിഷ്കരണത്തെ സംബന്ധിച്ച് പഠിച്ച് ശിപാർശ സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നോ ; എങ്കിൽ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായോ ;

(സി) കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ വിശദമാക്കുമോ ; അവ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) പ്രസ്തുത കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചശേഷം കമ്മിറ്റിയിലെ ഏതെങ്കിലും അംഗം റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിയോജനക്കുറിപ്പ് സമർപ്പിക്കുകയുണ്ടായോ ; എങ്കിൽ ഏതംഗമാണ് വിയോജനക്കുറിപ്പ് നൽകിയതെന്നും അതിനുള്ള കാരണങ്ങളും വിശദമാക്കുമോ ;

(ഇ) വിയോജനക്കുറിപ്പ് പരിഗണിച്ചിട്ടുണ്ടോ ; അതിന്റെ അടിസ്ഥാനത്തിലാണോ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കാത്തതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ നിയമ വിദ്യാഭ്യാസം സമഗ്രമായി പരിഷ്കരിക്കുന്നതിന് ശിപാർശകൾ സമർപ്പിക്കാൻ പ്രമുഖ നിയമപണ്ഡിതനും ബാംഗ്ലൂർ, കൽക്കട്ട നാഷണൽ ലാ സ്കൂളുകളുടെ മുൻ വൈസ്ചാൻസലറും ഭോപ്പാൽ നാഷണൽ ജുഡീഷ്യൽ അക്കാഡമിയുടെ മുൻ ഡയറക്ടറുമായ പ്രൊഫസർ എൻ. ആർ. മാധവമേനോൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റി സംസ്ഥാന സർക്കാർ രൂപീകരിച്ചിരുന്നു.

(ബി) കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രാധാന ശിപാർശകൾ അന്യത്ര ചേർത്തിട്ടുണ്ട്.*

(സി) റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

(ഡി) ഉണ്ട്. റിപ്പോർട്ടിന്റെ വിവിധ ശിപാർശകളിന്മേൽ ഡോ. എൻ. കെ. ജയകുമാർ വിയോജിച്ച് പ്രകടിപ്പിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യങ്ങളെല്ലാം സർക്കാർ പരിശോധിക്കുകയാണ്.

പുതിയ യൂണിവേഴ്സിറ്റികൾ

97(786) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള യൂണിവേഴ്സിറ്റികളിൽനിന്ന് മെഡിക്കൽ സയൻസ്, വെറ്ററിനറി സയൻസ്, ഫിഷറീസ് സയൻസ് എന്നിവ വേർപെടുത്തി പ്രത്യേകം യൂണിവേഴ്സിറ്റികൾ സ്ഥാപിച്ചപ്പോൾ നിലവിലുള്ള യൂണിവേഴ്സിറ്റികളിൽ ഈ വിഷയങ്ങളിലുണ്ടായിരുന്ന ഫാക്കൽറ്റികളും വകുപ്പുകളും കോഴ്സുകളും നിർത്തലാക്കിയോ ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാം ;

(ബി) പുതിയ യൂണിവേഴ്സിറ്റികൾ നിലവിൽവന്നപ്പോൾ നിലവിലുണ്ടായിരുന്ന യൂണിവേഴ്സിറ്റികളിൽ എത്ര അദ്ധ്യാപകരുടേയും പ്രൊഫസർമാരുടേയും റീഡർമാരുടേയും ഫാക്കൽറ്റികളുടേയും തസ്തികകൾ അധികമായി വന്നിട്ടുണ്ട് ;

(സി) പ്രസ്തുത അധിക തസ്തികകൾ പുതിയ യൂണിവേഴ്സിറ്റികളിലേക്ക് മാറ്റുന്നതിന് നിലവിൽ എന്തെങ്കിലും വ്യവസ്ഥയുണ്ടോ ;

(ഡി) ജോലി നഷ്ടപ്പെടുന്ന ഇവരെ പുനരധിവസിപ്പിക്കാൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ഇത് സംബന്ധിച്ച് പ്രൊഫ. അനന്തകൃഷ്ണൻ കമ്മീഷൻ എന്തെങ്കിലും ശിപാർശ നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly